നം.എം4/8925/12/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം തിരുവനന്തപുരം
തീയതി: 7/6/2014

പൊതുവിദ്യാഭ്യാസ ഡയറക്ടർ

വിദ്യാഭ്യാസ ഉപഡയറക്ടർമാർ
ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ

സർ

വിഷയം: പി.എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്ര വായനാദിന - വാരാചരണം 2014-15.
സൂചന : ഈ ആഫീസിലെ 30/5/2014-ലെ ഇതേ നംപർ സർക്കുലർ.

മേൽ സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2014 അദ്ധ്യയന വർഷ വായനാദിന വാരാചരണം ജൂൺ മാസം 19 മുതൽ 25-ാം തീയതി വരെ ആഘോഷിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ താങ്കൾക്ക് നൽകിയിട്ടുള്ളതാണല്ലോ? ആയതിന്റെ തുടർച്ചയായി താഴെ പറയുന്ന പ്രവർത്തനങ്ങൾ കുടി വായനാവാരത്തിന്റെ ഭാഗമായി നടത്തേണ്ടതാണ്.

1. പ്രബന്ധ മത്സരം
2. കഥാരചന/കവിതാ രചന
3. പുസ്തക പ്രദർശനം
4. സാഹിത്യ സദസ്സ് (സാഹിത്യകാരൻമാരെ പങ്കെടുപ്പിച്ച്)

കുട്ടികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ലൈബ്രറിയുടെ ചുമതലയുള്ള അദ്ധ്യാപകന്റെ നേതൃത്വത്തിൽ വിദ്യാലയങ്ങളിൽ "വായനാക്ലബുകൾ" രൂപീകരിക്കേണ്ടതാണ്. ക്ലബുകളുടെ രൂപീകരണം സംബന്ധിച്ചും വായനാവാരം സംബന്ധിച്ചുമുള്ള വിശദമായ റിപ്പോർട്ട് ജൂൺ 30 നകം ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

നം.എം.4/8925/2012/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 30.05.2014.

## സർക്കുലർ

വിഷയം :- പി. എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്ര വായനാദിന - വാരാചരണം-2014-15 -സംബന്ധിച്ച്.

സൂചന :- 15.05.2014-ാം തീയതിയിലെ പി. എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്ര വൈസ് ചെയർമാന്റെ കത്ത്.

****

2014 അദ്ധ്യയനവർഷ വായനാദിന വാരാചരണം ജൂൺമാസം 19-ാം തീയതി മുതൽ 25-ാം തീയതി വരെ ആഘോഷിക്കുന്നതാണ്. ഇതിന്റെ ഭാഗമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1) ജൂൺ 19 വായനാദിനത്തിൽ എല്ലാ വിദ്യാലയങ്ങളിലും പ്രത്യേക അസംബ്ലി കൂടി വായനാദിന പ്രതിജ്ഞയ്ക്കും, അനുബന്ധ പരിപാടികൾ ആയ ജൂൺ 19 മുതൽ 25 വരെ വായന പരിപോഷിപ്പിക്കുന്ന വിവിധ കർമ്മപരിപാടികൾ നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കും, പരിപാടികൾ വിജയപ്രദമാക്കുവാൻ വേണ്ടതായ എല്ലാ നടപടികളും വിദ്യാഭ്യാസ ഉപഡയറക്ടർമാരും സ്വീകരിക്കേണ്ടതാണ്.
2) ജില്ലാതല വായനാദിന-വാരാചരണക്കമ്മിറ്റിയിൽ ഉപാധ്യക്ഷനായി ജില്ലാതല പരിപാടികൾ വിദ്യാഭ്യാസ ഉപഡയറക്ടർ സംഘടിപ്പിക്കേണ്ടതാണ്.
3) വായന പരിപോഷിപ്പിക്കുവാൻ വായനക്വിസ് മൽസരം ജൂൺ 3-ാം തീയതി മുതൽ 13-ാം തീയതി വരെ സ്കൂൾ തലത്തിലും 2-ാം തീയതി ശനിയാഴ്ച (ജൂൺ 14) ജില്ലാ തലത്തിലും ജൂൺ 22-ാം തീയതി തിരുവനന്തപുരത്ത് സംസ്ഥാനതലത്തിലും നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ നടത്തേണ്ടതാണ്.
4) സംസ്ഥാനസർക്കാർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പു വഴി തയ്യാറാക്കിയിട്ടുള്ള പി. എൻ. പണിക്കരുടെ ചിത്രത്തോടുകൂടി വായിച്ചുവളരുക പോസ്റ്ററുകൾ എല്ലാ സ്കൂളുകളിലും പ്രദർശിപ്പിക്കുവാൻ വേണ്ടി എല്ലാ വിദ്യാഭ്യാസ ജില്ലാ ആഫീസർമാരും നടപടി സ്വീകരിക്കേണ്ടതാണ്.

5) വായനാദിന-വാരാചരണക്കാലത്ത് കുട്ടികളുടെ പങ്കാളിത്തത്തിൽ എല്ലാ വിദ്യാഭ്യാസ ജില്ലകളിലും സാഹിത്യ നായകന്മാരുമായി സംവാദം നടത്തുന്നതി നുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

6) സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് വായനാദിന വാരാചരണക്കാലത്ത് ലൈബ്രറികൾ കേന്ദ്രീകരിച്ച് പ്രത്യേക പരിപാടികൾ നട ത്തുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ്.

7) എല്ലാ ജില്ലകളിലും സ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് ചിത്ര രചനാ മൽസരത്തിനുള്ള നിർദ്ദേശം നൽകേണ്ടതാണ്.

8) ഓരോ ജില്ലകളിൽ നിന്നും ജില്ലാതല ഉദ്ഘാടനത്തിന് വായനയിൽ കൂടിയുള്ള അനുഭവങ്ങൾ അവതരിപ്പിക്കുവാൻ ഓരോ ആൺകുട്ടിയേയും പെൺകുട്ടി യേയും തെരഞ്ഞെടുക്കുന്നതിനും പങ്കെടുപ്പിക്കുന്നതിനും അതാത് ഉപഡയറ ക്ടർമാർ നടപടി സ്വീകരിക്കേണ്ടതാണ്.

9) ജൂൺ 19-ാം തീയതി വ്യാഴാഴ്ച രാവിലെ 10.30 ന് കനകക്കുന്ന് കൊട്ടാരത്തിൽ സംഘടിപ്പിക്കുന്ന സംസ്ഥാനതല വായനാദിന-വാരാചരണ ഉദ്ഘാടന പരിപാടി യിൽ തിരുവനന്തപുരം ജില്ലയിലെ പരമാവധി സ്കൂൾ വിദ്യാർത്ഥികളെ പങ്കെടു പ്പിക്കുന്നതിനുള്ള നടപടികൾ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

വായനാദിന- വാരാചരണത്തിന്റെ വിജയകരമായ നടത്തിപ്പിന് വേണ്ടി മേൽ വിവരിച്ചിട്ടുള്ള നടപടിക്രമങ്ങൾ കാലതാമസം കൂടാതെ കൈക്കൊള്ളേണ്ടതും സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ഈ ആഫീസിന് കൈമാറേണ്ടതുമാണ്.

വിശ്വസ്തതയോടെ,

വിനോദ്ബാബു കെ. വി.
ജോയിന്റ് ഡയറക്ടർ

സ്വീകർത്താവ് :
1) വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

എസ്. ജി.03.06.2014